നമ്പർ. സി1/ഇ-63269/റ്റി സി/2018

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി, 08.11.2018

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – താൽക്കാലിക രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കുലർ നമ്പർ. 20/2016 തീയതി 08/06/2016 എസ് എസ് ജി/31/2018/റ്റിസി നമ്പർ കത്ത്.
2. ശ്രീ.ജോയ്, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ നൽകിയ സമർപ്പണം.
3. 07/02/2013-ലെ സി1/10423/റ്റിസി/2012 നമ്പർ കത്ത്.

പുതിയ വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടുള്ള ധാരാളം പ്രൊസീഡിംഗ്സുകൾ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽനിന്നും എസ്.എസ്.ജി യിൽ ലഭിക്കുന്നുണ്ട്. വാഹനം വാങ്ങിയ ആൾ മരിച്ചുപോയതിനാൽ, ഫൈനാൻസിയർ ലോൺ നിരാകരിച്ചത്, വാഹനത്തിന്റെ തരം മാറിപ്പോയത് തുടങ്ങിയ കാര്യങ്ങളാണ് താൽക്കാലിക രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് കാരണമായി ഉത്തരവുകളിൽ പറഞ്ഞുകാണുന്നത്. കൂടാതെ ഈ ഉത്തരവുകളിൽ ഒന്നിലും എന്നു മുതലാണ് ടെമ്പററി രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാറില്ല. നിലവിലെ സാഹചര്യത്തിൽ ഒറ്റ നോട്ടത്തിൽ ദൃശ്യമാകുന്ന തകരാറുകൾ (Paint, Body Scratch etc) വരെ താൽക്കാലിക രജിസ്ട്രേഷൻ റദ്ദ് ചെയ്യുവാൻ കാരണമായി കാണിക്കാറുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് വാഹനം വാങ്ങുന്ന ആൾ വാഹനം കാണുന്നതിന് മുമ്പ് താൽക്കാലിക രജിസ്ട്രേഷൻ എടുക്കുന്നുണ്ട് എന്നാണ്. വാഹനം താൽക്കാലികമായി രജിസ്റ്റർ ചെയ്തതിനുശേഷം ഫൈനാസിയർ വാഹന ലോൺ നിരാകരിച്ചു എന്നു പറയുന്നതും യുക്തി സഹജമല്ല. കൂടാതെ, പലപ്പോഴും വാഹനം ഉപഭോക്താവിന് നൽകി ദിവസങ്ങളോളം ഉപയോഗിച്ചശേഷം താൽക്കാലിക രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതായും കാണുന്നു.

പ്രഥമ ദൃഷ്ട്യാ നിസാരമായ കാരണങ്ങൾക്കുപോലും താൽക്കാലിക രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിനായി 07/02/2013-ലെ സി1/10423/റ്റിസി/2012 നിർദ്ദേശങ്ങളും സർക്കുലർ നമ്പർ 20/2016-ഉം നിർദ്ദേശങ്ങൾ താഴെപ്പറയുന്ന വിധം ഭേദഗതി വരുത്തുന്നു.

1). മോട്ടോർ വെഹിക്കിൾ ആക്ട് സെക്ഷൻ 55 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള കാരണങ്ങൾ മാത്രം താൽക്കാലിക രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതിനും പരിഗണിക്കേണ്ടതുള്ളൂ.

2) വാഹനത്തിന്റെ ഉടമസ്ഥൻ താൽക്കാലിക രജിസ്ട്രേഷൻ കരസ്ഥമാക്കിയതിന് ശേഷം മരണപ്പെട്ടാൽ മോട്ടോർ വെഹിക്കിൾ ആക്ട് സെക്ഷൻ 50 (2) (എ) പ്രകാരം അയാളുടെ നിയമപ്രകാരമുള്ള അനന്തരാവകാശി ആവശ്യപ്പെടുന്ന പക്ഷം അയാളുടെ പേരിൽ വാഹനം സ്ഥിര രജിസ്ട്രേഷൻ നടത്താവുന്നതാണ്.

3) താൽക്കാലിക രജിസ്ട്രേഷൻ കരസ്ഥമാക്കിയ വ്യക്തി മരണപ്പെട്ടാൽ താൽക്കാലിക രജിസ്ട്രേഷനിൽ ഫൈനാൻസ് കമ്പനിയുമായുള്ള എഗ്രിമെന്റ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ നിയമപ്രകാരമുള്ള അനന്തരാവകാശിയുടെ പേരിൽ സ്ഥിര രജിസ്ട്രേഷൻ നടത്താവുന്നതാണ്. എന്നാൽ നിയമപ്രകാരമുള്ള അനന്തരാവകാശി വാഹനത്തിന്മേലുള്ള തന്റെ അവകാശം ഫൈനാൻസിയർക്ക് കൈമാറുകയോ സെക്ഷൻ 51 (5) പ്രകാരം ഫൈനാൻസിയർ വാഹനം കൈവശപ്പെടുത്തുകയോ ചെയ്താൽ, നടപടിക്രമങ്ങൾ പാലിച്ച് ഫൈനാൻസിയറുടെ പേരിൽ വാഹനം സ്ഥിര രജിസ്ട്രേഷൻ ചെയ്ത് നൽകാവുന്നതാണ്.

4) നിസ്സാര കാര്യങ്ങൾക്ക് ടെമ്പററി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാതിരിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ ശരിയായ രീതിയിൽ അപേക്ഷകൾ തയ്യാറാക്കുന്നതിനും, അപ്‌ലോഡ് ചെയ്യുന്നതിന് വാഹന ഡീലർമാർക്ക് അതാത് രജിസ്റ്ററിംഗ് അതോറിറ്റികൾ നിർദ്ദേശം നൽകേണ്ടതാണ്.

5) വാഹനം ശരിയായ രീതിയിൽ, ഉപഭോക്താവ് കണ്ട് ബോധ്യപ്പെട്ടതിനുശേഷവും, കച്ചവടം ഉറപ്പായതിനുശേഷവും മാത്രം ടെമ്പററി രജിസ്ട്രേഷൻ എടുക്കുന്നതിന് ഡീലർമാർ ശ്രദ്ധിക്കേണ്ടതാണെന്നു അതാത് രജിസ്റ്ററിംഗ് അതോറിറ്റികൾ നിർദ്ദേശം നൽകേണ്ടതാണ്.

മുകളിൽ പരാമർശിച്ചിരിക്കുന്ന ഓരോ കാര്യങ്ങളും എല്ലാവരും നിർബ്ബന്ധമായും പാലിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ.

അംഗീകാരത്തോടെ,

12.1.18

സീനിയർ സൂപ്രണ്ട്.